## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4879 — 24.07.2015 -ൽ മറുപടിക്ക്

### രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രമം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രമം പദ്ധതി ഏതുവർഷം മുതലാണ് നടപ്പിലാക്കി വരുന്നത് ; | (എ) 2013 ഒക്ടോബറിൽ പ്രഖ്യപിച്ച പദ്ധതി വിവിധ തരത്തിലുള്ള പ്ലാനിംഗിനശേഷം 2014-15 സാമ്പത്തിക വർഷം നടപ്പിലാക്കി തുടങ്ങി. |
| (ബി) ഓരോ വർഷവും ആർ. ബി. എസ്. കെ. പദ്ധതിയിൽ എത്ര തുകയാണ് ചെലവഴിച്ചത് ; | (ബി) ഓരോ വർഷവും ആർ. ബി. എസ്. കെ. പദ്ധതിയിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| വർഷം | ചികിത്സാ ഇനത്തിൽ ചെലവഴിച്ച തുക |
|---|---|
| 2013-14 | 4.19 കോടി രൂപ |
| 2014-15 | 10.271 കോടി രൂപ |
| 2015-16 | 63 ലക്ഷം രൂപ (ഏപ്രിൽ, മെയ് മാസത്തെ) |

| ചോദ്യം | മറുപടി |
|---|---|
| (സി) 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ഏതെല്ലാം അസുഖങ്ങൾക്കുള്ള ചികിത്സ ചെലവാണ് പ്രസ്തുത പദ്ധതിയിലൂടെ നൽകുന്നത് ; | (സി) 30 അസുഖങ്ങൾക്കാണ് ചികിത്സാ പൂർണ്ണമായും സൗജന്യമായി നൽകുന്നത്. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) ഏതെല്ലാം ആശുപത്രികളെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; | (ഡി) ആരോഗ്യവകുപ്പിന്റെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള എല്ലാ ഗവൺമെന്റ് ആശുപത്രികളേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ശ്രീ. ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് എന്നീ റ്റേർഷ്യറി കെയർ ആശുപത്രികളേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

(ഇ) ആർ ബി എസ് കെ പദ്ധതിക്കായി ഇതിനോടകം ഓരോ സാമ്പത്തിക വർഷവും എത്ര തുക വീതം കേന്ദ്ര ധനസഹായമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

(ഇ) ആർ.ബി.എസ്.കെ പദ്ധതിയുടെ ചികിത്സാ ശീർഷകത്തിൽ കേന്ദ്രം താഴെ പറയുന്ന തുകയാണ് അംഗീകരിച്ചത്.

| വർഷം | അംഗീകരിച്ച തുക |
|---|---|
| 2013-14 | 19.6 കോടി രൂപ |
| 2014-15 | 14.26 കോടി രൂപ |
| 2015-16 | 14.65 കോടി രൂപ |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**ജനനവൈകല്യങ്ങൾ**

- ന്യൂറൽ ട്യൂബ് ഡിഫക്ട് (Neural Tube Defect)
- ബുദ്ധി മാന്ദ്യം (Down Syndrome)
- മുറിച്ചുണ്ട് (Cleft lip)
- അണ്ണാക്കിലെ തകരാറുകൾ (Palate/Cleft Palate alone)
- കുറുകിയ കാലുകൾ - Talips (Club foot)
- അരക്കെട്ടിനുണ്ടാകുന്ന തകരാറ് (Developmental Pysplasia of the Hip)
- ജന്മനായുള്ള തിമിരം (Congenital Cataract)
- ജന്മനായുള്ള കേൾവിക്കുറവ് (Congenital Deafness)
- ജന്മനായുള്ള ഹൃദയ തകരാറുകൾ (Congenital Heart Diseases)
- മാസം തികയാതെ പ്രസവിക്കുന്നത് കൊണ്ട് കണ്ണിലെ റെറ്റിനയ്ക്കുണ്ടാകുന്ന തകരാറുകൾ (Retinopathy of Prematurity)

**ന്യൂനതകൾ**

- വിളർച്ചയും ഗുരുതരമായ അനീമിയയും
- വിറ്റാമിൻ A യുടെ കുറവ് (Bitot Spot)
- വിറ്റാമിൻ D യുടെ കുറവ് (Rickets)
- ഗുരുതരമായ പോഷകാഹാരക്കുറവ്
- തൊണ്ട വീക്കം (Goiter)

**ശൈശവ രോഗങ്ങൾ**

- ത്വക്ക് രോഗങ്ങൾ (Scabies, Fungal Infection and Eczema)
- ചെവിക്കുള്ളിലെ വീക്കം (Otitis Media)
- Rheumatic Heart Disease
- Dental caries
- Convulsive Disorders

**വളർച്ചയിലെ കാലതാമസവും വൈകല്യങ്ങളും**

- കാഴ്ചക്കുറവ്
- കേൾവിക്കുറവ്
- Neuro-Motor impairment
- Motor delay
- ബുദ്ധിപരമായ വളർച്ചയിലുള്ള കാലതാമസം (Cognitive Delay)
- ഭാഷാപരമായ വളർച്ചയിലുള്ള കാലതാമസം (Language Delay)
- പെരുമാറ്റ വൈകല്യം (Autism)
- പഠനവൈകല്യം (Learning Disorder)
- Attention Deficit Hyperactivity Disorder
- Congenital hypothyroidism, Sickle Cell Anaemia, Beta Thalassemia (Optional)

P. [signature]
സെക്ഷൻ ഓഫീസർ